# അസീസ്സി ഹോസ്പൈസ് & പാലിയേറ്റീവ് കെയർ സെന്റർ

## പുന്നപ്ര, ആലപ്പുഴ. ഫോൺ: 0477–2287499

**വയോജനങ്ങളേയും, ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തവിധം രോഗം മൂർഛിച്ചിട്ടുള്ള രോഗികളെയും ജീവിതാന്ത്യം വരെ സാന്ത്വന പരിചരണം ഉറപ്പാക്കുന്ന പഠന, ഗവേഷണ കേന്ദ്രം.**

## രോഗികളുടെ ബന്ധുക്കളുടെ ശ്രദ്ധയ്ക്ക്

ഹോസ്പീസ് കെയറിൽ രജിസ്റ്റർ ചെയ്ത് പ്രവേശിപ്പിച്ചിട്ടുള്ള എല്ലാവരും ഗുരുതരമായ രോഗബാധിതരും ഏതാനും ദിവസങ്ങളോ, മാസങ്ങളോ, വർഷങ്ങളോ കൊണ്ട് ഭൗതിക ശരീരം ഉപേക്ഷിച്ച് മരണം വരിക്കുന്നവരും ആണ്. രോഗലക്ഷണങ്ങളുടെ കാഠിന്യംകൊണ്ടും, വീടുകളിൽ ശരിയായ പരിചരണം നൽകുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ലാതെയും വരുന്ന അവസരങ്ങളിലാണ് മികച്ച പരിചരണത്തിനായി പ്രവേശിപ്പിച്ച് കിടത്തി പരിചരണം നൽകുന്ന ഹോസ്പീസുകളിൽ പ്രവേശിപ്പിക്കുന്നത്. നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് ഏറ്റവും നല്ല പരിചരണം നൽകുന്നതിന് ബന്ധുക്കളുടെ പൂർണസഹകരണം അത്യന്താപേക്ഷിതമാണ്.

**രോഗലക്ഷണങ്ങൾ ശമിപ്പിക്കുന്നതിനുള്ള ഔഷധങ്ങൾ ഈ വിഷയത്തിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ നിർദ്ദേശാനുസരണമാണ് രോഗികൾക്ക് നൽകുന്നത്.**

ഹോസ്പീസ് ടീമിന് അവരുട ജോലി സത്യസന്ധമായി നിർവഹിക്കുവാൻ ഏറ്റവും ആവശ്യമായത് രോഗിയുടെ ബന്ധുക്കളുടെയും, അഭ്യുദയകാംക്ഷികളുടെയും പൂർണ സഹകരണമാണ് ഹോസ്പീസുകളിൽ വലിയ ആശുപത്രികളിൽ മരണാസന്നരായ രോഗികൾക്ക് ഇന്റൻസീവ് കെയർ യൂണിറ്റുകളിൽ നൽകുന്നതിന് സമാനമായ പരിചരണമാണ് രോഗിയുടെ ബന്ധുക്കളുടെ സമീപ്യത്തിൽ, അവരുടെ കൂടെ സഹകരണത്തോടെ രോഗികൾക്ക് വേണ്ടി ചെയ്തുകൊടുക്കുന്നത്. തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവിതാന്ത്യത്തിൽ അവരോടൊപ്പം ഉണ്ടാവുകയും അവരുടെ കൈപിടിച്ച് ഒപ്പം ഇരിക്കുന്നതിന് തയ്യാറാവുകയും ചെയ്താലെ, നാളെ നമ്മുടെ ജീവിതാന്ത്യത്തിൽ നമ്മളെ പരിചരിക്കുന്നതിനും ആരെങ്കിലും ഉണ്ടാകുവാൻ സാധ്യതയുള്ളു.

ഗുരുതരമായ രോഗബാധയാൽ, ഇനി ചികിത്സയൊന്നും ഇല്ല, ശുശ്രൂഷകൾ നൽകിയാൽ മതി എന്ന് വലിയ ആശുപത്രികളിൽ നിന്നും വിദഗ്ദ്ധ ഡോക്ടർമാർ വ്യക്തമാക്കിയിട്ടുള്ള രോഗികളെ പരിചരിക്കുന്ന ദൗത്യം ഏറ്റെടുത്തു പരിചരണം നൽകുന്ന

വരെക്കുറിച്ച് പരാതികൾ ഉണ്ടാകുവാനുള്ള സാധ്യതകൾ വളരെ കൂടുതൽ ആയിരിക്കും. ഇത് പലപ്പോഴും വെറുതെ രോഗികളെ കാണാൻ വരുന്നവരിൽ നിന്നുമായിരിക്കും കൂടുതൽ. അവർ രോഗികളുടെ കൈപിടിച്ച് കുറച്ചുസമയം രോഗിയുടെ അടുത്തിരിക്കുന്നതിനോ, രോഗിയെ വിശ്രമമില്ലാതെ പരിചരിക്കുന്ന ബന്ധുക്കൾക്ക് കുറച്ച് സമയം വിശ്രമം കിട്ടുന്ന വിധത്തിൽ രോഗീപരിചരണം ഏറ്റെടുക്കുന്നതിനോ തയ്യാറാകാൻ സാധ്യതയില്ല.

പരാതികൾ കഴിയുന്നത്ര പരിഹരിച്ച് ഏറ്റവും നല്ല പരിചരണം ജീവിതാവസാന നാളുകളിൽ രോഗിക്ക് ലഭ്യമാക്കുക എന്നതാണ് ഹോസ്പീസ് കെയർ ടീമിന്റെ ലക്ഷ്യം. ഓർക്കുക– രോഗിയെ സ്നേഹിക്കുന്നവരെല്ലാം ഹോസ്പീസ് ടീമിന്റെ ഭാഗമാണ്.

അസീസി ഹോസ്പീസ് കെയർ ടീം